**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**<u>ഐ.എ.വൈ. പദ്ധതി പ്രകാരം പൂർത്തീകരിച്ച വീടുകൾ</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2389 19.07.2016 ൽ മറുപടി നൽകേണ്ടത്

ചോദ്യം ഉത്തരം

| ശ്രീമതി. പി. അയിഷാ പോറ്റി | | ഡോ. കെ.ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷം ഐ.എ.വൈ. പദ്ധതി പ്രകാരം എത്ര വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; എത്ര വീടുകൾ പൂർത്തീകരിച്ചു; | (എ) | ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം (2015-16) ആകെ 59060 വീടുകളാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ ആകെ 14586 വീടുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്. |
| (ബി) | ഐ.എ.വൈ. പദ്ധതി പ്രകാരം കഴിഞ്ഞ വർഷം അനുവദിക്കപ്പെട്ട വീടുകൾക്ക് സംസ്ഥാന സർക്കാരും പട്ടികജാതി-വർഗ വകുപ്പും നൽകേണ്ട ധനവിഹിതം കൃത്യമായി നൽകിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | 2015-16 വർഷത്തെ ഇന്ദിര ആവാസ് യോജന സംസ്ഥാന വിഹിതം രണ്ടാം ഗഡുവായി എസ്.സി.പി. ഇനത്തിൽ 12,77,29,034/- രൂപയും റ്റി.എസ്.പി ഇനത്തിൽ 6,03,80,700/- രൂപയും സംസ്ഥാന സർക്കാർ അനുവദിക്കാനുണ്ട്. ഇന്ദിര ആവാസ് യോജന പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച വീടുകൾക്ക് സംസ്ഥാന സർക്കാർ അധിക ധനസഹായമായി 50,000/-രൂപ വീതം വീടൊന്നിന് നൽകേണ്ടതുണ്ടായിരുന്നു. 2012-13 മുതൽ 2015-16 വരെയുള്ള ബാദ്ധ്യത പരിഹരിക്കുന്നതിനായി സർക്കാർ 500 കോടി രൂപ അനുവദിക്കുകയും ഇതിൽ 400 കോടി രൂപ മൂന്ന് ഗഡുക്കളായി റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ തുക ഗ്രാമ വികസന കമ്മീഷണറേറ്റിൽ നിന്നും ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർ വഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ഈ ഇനത്തിൽ ഇനി ബാദ്ധ്യതയായി നിൽക്കുന്ന തുക 161 .88 കോടി രൂപയാണ്. 2015-16 വർഷം പട്ടികജാതി വികസന വകുപ്പിൽ നിന്നും 182.85 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 93.37 കോടി രൂപയും ധനസഹായമായി ലഭിക്കുവാനുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഐ.എ.വൈ. പദ്ധതി പിൻവലിച്ച് ആവിഷ്കരിച്ച പി.എം.എ.വൈ. പദ്ധതി യിൽ കേരളത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടുണ്ടോ; വിശദാംശ ങ്ങൾ വെളിപ്പെടുത്താമോ; | (സി) | ഇല്ല. ഇന്ദിര ആവാസ് യോജന പദ്ധതിക്ക് പകരം ആവിഷ്ക്കരിച്ച പി.എം.എ.വൈ (ജി) പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച വീടുകളുടെ ഭൗതീക ലക്ഷ്യം മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. കൂടാതെ പൊതു വിഭാഗത്തിന് വീടുകളൊന്നും അനുവദിച്ചിട്ടുമില്ല. |
| (ഡി) | ഐ.എ.വൈ. പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട് നിർമ്മാണം പകുതി വഴിയിലായ ഭവനങ്ങളുടെ പൂർത്തീകര ണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (ഡി) | ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയിൽ പകുതി വഴിയിലായ വീടുകളുടെ പൂർത്തീകരണത്തിനായി അടിയന്തിര തുടർ നടപടികൾ സ്വീകരിക്കാനായി ജില്ല/ബ്ലോക്ക് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന വീടുകൾ സന്നദ്ധ സംഘടനകളുടെ കൂടി സഹായത്താൽ പൂർത്തീകരിക്കാനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**